(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ നിർദ്ദേശങ്ങൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

(ബി) ഗ്രാമീണ കുടിവെള്ള ശുചിത്വ മേഖലയെക്കുറിച്ചുള്ള അവലോകന/ സാധ്യതാ പഠനമാണ് പ്രസ്തുത റിപ്പോർട്ട്.

(സി) നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കാൻ നടപടി

138 [1077] *ശ്രീ. എം. മുരളി:*
,, *ടി. എൻ. പ്രതാപൻ:*
,, *വി. ഡി. സതീശൻ:*
,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) 2004 മുതൽ 2005 വരെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ എത്ര സിനിമാ നിർമ്മാതാക്കൾ ഫിലിം നിർമ്മിച്ചിട്ടുണ്ട്; ഇവിടെ എത്തുന്ന ഒറിറിം നിർമ്മാതാക്കളെ ചെന്നൈയിലുള്ള സ്വകാര്യ സ്റ്റുഡിയോയിലേക്ക് ഇവിടുത്തെ ജീവനക്കാർ തന്നെ പറഞ്ഞുവിടാറുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്ഥാപനത്തിന്റെ താൽപര്യങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന ഇത്തരം ജീവനക്കാർക്കെതിരെ എന്തു നടപടിയെടുത്തു;

(ഇ) ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലയാള ചലച്ചിത്ര വ്യവസായത്തിന് നേരിട്ടിട്ടുള്ള മൊത്തത്തിലുള്ള മാന്ദ്യവും പ്രതിസന്ധിയും കോർപ്പറേഷന്റെ പ്രവർത്തനത്തേയും വരുമാനത്തേയും കാര്യമായി ബാധിച്ചിട്ടുണ്ട്. പുതിയ മലയാള ചിത്രങ്ങളുടെ നിർമ്മാണത്തിലും വിതരണത്തിലും സംഭവിച്ച കുറവ് ചിത്രാഞ്ജലി സ്റ്റുഡിയോയുടെ പ്രവർത്തനത്തേയും കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിയറ്ററുകളേയും ബാധിച്ചു. ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്ന നടപടികൾ പൂർണ്ണമാകാത്തതിനാൽ നിർമ്മിക്കപ്പെടുന്ന ചിത്രങ്ങൾക്കുതന്നെ ചിത്രാഞ്ജലിയിലെ സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ നിർമ്മാതാക്കൾ വിസമ്മതിക്കുന്നു. സ്റ്റുഡിയോയിലെ മുഖ്യ വരുമാനഘടകങ്ങളിൽ ഒന്നായ ഡബിനെ ഇത് കൂടുതലായി ബാധിക്കുന്നു. സർക്കാരിന്റെ വിവിധ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റു സർക്കാർ ഏജൻസികൾക്കും ആവശ്യമായ ഹ്രസ്വ ചിത്രങ്ങൾ, ഡോക്യുമെന്ററികൾ, പരസ്യ ചിത്രങ്ങൾ എന്നിവ നേരത്തേ കോർപ്പറേഷൻ മുഖേനയാണ് നിർമ്മിക്കപ്പെട്ടിരുന്നത്. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കനുസരിച്ചായിരുന്നു ഇവ നിർമ്മിച്ചിരുന്നത്. ഇപ്പോൾ മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ സ്വീകരിച്ച് ഇത്തരം ജോലികൾ നൽകുന്നതിനാൽ സ്വകാര്യ വ്യക്തികളും ഏജൻസികളും ഈ രംഗത്ത് കൂടുതൽ ആധിപത്യം സ്ഥാപിച്ചു. ഇതും കോർപ്പറേഷന്റെ വരുമാനത്തെ ഗണ്യമായി ബാധിക്കുകയും സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടുകയും ചെയ്തിട്ടുണ്ട്.

(സി) 2004-2005-ൽ 17 നിർമ്മാതാക്കൾ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വിവിധം നിർമ്മിച്ചിട്ടുണ്ട്; ഇവിടെ എത്തുന്ന ചില നിർമ്മാതാക്കളെ ഇവിടത്തെ ചില ജീവനക്കാർ തന്നെ മറ്റു സ്വകാര്യ സ്റ്റുഡിയോകളിലേക്ക് പോകാൻ പ്രേരിപ്പിക്കുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരം ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അന്തരത്തിൽ പ്രവർത്തിക്കുന്നവരുടെ പേരു വിവരം രഹസ്യമായി മാനേജ്മെന്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ട് ഒരു സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ സംഘടനാപ്രവർത്തകരുൾപ്പെടെ ആരും തന്നെ ഒരു വിവരവും മാനേജ്മെന്റിന് നൽകിയില്ല. അതിനാൽ വാർത്തയുടെ നിജസ്ഥിതിയെക്കുറിച്ചും അതിൽ ഉൾപ്പെട്ട ജീവനക്കാരെക്കുറിച്ചും സ്ഥിരീകരിക്കാനോ അവർക്കെതിരെയുക്തമായ ശിക്ഷാ നടപടികൾ കൈക്കൊള്ളാനോ കഴിഞ്ഞില്ല.

(ഇ) ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly